**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4593** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുലാലൻ, കുലാല, കുലാല നായർ വിഭാഗങ്ങൾക്ക് സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുലാലൻ, കുലാല, കുലാല നായർ എന്നീ പേരുകളിൽ അറിയപ്പെടുന്ന വിഭാഗത്തിൽപെട്ടവർക്ക് G.O.(Ms) 10/2014/BCDD നമ്പർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സംവരണം അനുവദിച്ചിട്ടുണ്ടെങ്കിലും ഇതിൽ ചില പേരുകൾ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തത് കാരണം ഇവരിൽ പലർക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ഇ-ഗ്രാന്റ് ലഭിക്കാത്തതും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നതുമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ) | ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23.05.2014 ലെ G.O.(Ms)No.10/2014/BCDD നമ്പർ ഉത്തരവ് പ്രകാരം വിവിധ പ്രൊഫഷണൽ കോളേജുകളിലും, ഹയർ സെക്കന്ററി സ്കൂളുകളിലും ഒ.ഇ.സി.ക്കും ഒ.ബി.എച്ച്-ൽ ഉൾപ്പെട്ട 30 സമുദായങ്ങൾക്കും സംവരണം അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒ.ഇ.സി-യിൽ ഉൾപ്പെട്ട കുശവൻ, കുലാലൻ, കുലാല നായർ, കുംഭാരൻ, വേളൻ, ഓടൻ, കുലാല, ആന്ത്രാ നായർ, ആന്തൂർ നായർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർക്ക് 1% സംവരണം അനുവദിച്ചിട്ടുണ്ട്. മേൽ സമുദായങ്ങളിലെ കുലാല, കുലാല നായർ എന്നീ പേരുകൾ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിലും, 30.03.2022 -ലെ സ.ഉ.(സാധാ)നം.29/2022/പി.വി.വി.വ. പ്രകാരം കുലാല സമുദായത്തെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എസ്.ഇ.ബി.സി. പട്ടികയിൽ വ്യക്തത വരുത്തി ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഡയറക്ടർ തലത്തിൽ കത്ത് നൽകിയത് എന്നാണ്; പ്രസ്തുത കത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പുതുതായി ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയതും, സമുദായ നാമത്തിൽ മാറ്റം വരുത്തിയതുമായ സമുദായങ്ങളെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് 27.01.2025 തീയതിയിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ കത്ത് നൽകിയിരുന്നു. ആയതിന്മേൽ നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയതും, സമുദായ നാമത്തിൽ മാറ്റം വരുത്തിയതുമായ സമുദായങ്ങളെല്ലാം നിലവിൽ ഇ-ഡിസ്ട്രിക്റ്റിലെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യവും സംസ്ഥാനത്തെ | (സി) | 30.03.2022 -ലെ സ.ഉ.(സാധാ)നം. 29/2022/ പി.വി.വി.വ. പ്രകാരം കുലാല സമുദായത്തെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്നതിനുള്ള നടപടിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | | ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ഡി) | മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽപ്പെടുന്നവർക്ക് വ്യത്യസ്ത ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം പരിഹരിക്കുന്നത് സംബന്ധിച്ച് 9.11.2021-ൽ നിയമസഭയിൽ ഉറപ്പ് നൽകിയ ശേഷവും പ്രസ്തുത വിഷയത്തിൽ പരിഹാരം ഉണ്ടാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാരം കൈക്കൊള്ളുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കുലാല, കുലാല നായർ, കുശവൻ എന്നിവ ഒരേ സമുദായങ്ങളാണോ എന്നത് പരിശോധിച്ച് ഉപദേശം നൽകാൻ പിന്നാക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ